ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.10.2023** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഏഷ്യൻ ഗെയിംസിലെ ഇന്ത്യൻ മെഡൽ നേട്ടം സെഞ്ച്വറിയിലേയ്ക്ക് ; അമ്പെയ്ത്തിൽ ജ്യോതി സുരേഖയ്ക്ക് സ്വർണം ; പുരുഷ ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ- അഫ്ഗാനിസ്ഥാൻ പോരാട്ടം ഇന്ന്.

   India's medal tally in Asian Games reaches century; Jyoti Surekha wins gold in archery; India-Afghanistan match in men's cricket final today.

2. കേന്ദ്രധനമന്ത്രി നിർമലാ സീതാരാമന്റെ അധ്യക്ഷതയിൽ ജി എസ് ടി കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.

   Union Finance Minister Nirmala Sitharaman will chair the GST Council meeting in New Delhi today

3. 2000 രൂപാ നോട്ടുകൾ ബാങ്കുകളിലൂടെ നേരിട്ട് മാറ്റിയെടുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   The deadline for direct exchange of Rs 2000 notes through banks ends today.

4. സിക്കിമിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു ; മിന്നൽ പ്രളയത്തിലുണ്ടായ നാശ നഷ്ടങ്ങൾ നിർണ്ണയിക്കാൻ കേന്ദ്ര മന്ത്രിതല സംഘം രൂപീകരിച്ചു.

Rescue and relief operations progressing in Sikkim; A central ministerial team has been formed to assess the damage caused by lightning floods

5. **സിംഗപ്പൂരിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്നു ; രണ്ടാഴ്ചക്കിടെ രണ്ടായിരത്തിലധികം പുതിയ കേസുകൾ.**

The spread of Covid is intensifying in Singapore; More than 2,000 new cases in two weeks.

************************

**HEADLINE-1**

## ASIAN GAMES (INTRO)

97 മെഡലുകളുമായി ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ കുതിപ്പ് തുടരുന്നു. അമ്പെയ്ത്തിൽ വനിതകളുടെ കോമ്പൌണ്ട് വിഭാഗത്തിൽ ഇന്ത്യൻ താരം ജ്യോതി സുരേഖയ്ക്ക് സ്വർണം. ഇതേ ഇനത്തിൽ ഇന്ത്യയുടെ തന്നെ അതിഥി ഗോപീചന്ദ് വെങ്കലം നേടി.

**കൂടുതൽ വിവരങ്ങളുമായി ഹാങ്ചൗവിൽ നിന്നും ആകാശവാണി പ്രത്യേക പ്രതിനിധി വി ശിവകുമാർ.**

(VOICE)

************************

## GST

ജി എസ് ടി കൌൺസിലിന്റെ 52-ാമത് യോഗം ഇന്ന് ന്യൂഡൽഹിയിലെ സുഷമാ സ്വരാജ് ഭവനിൽ ചേരും. യോഗത്തിൽ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ അധ്യക്ഷത വഹിക്കും. കേന്ദ്ര സഹമന്ത്രിമാരായ പങ്കജ് ചൌധരി, സംസ്ഥാനങ്ങളിൽ നിന്നുള്ള ധനമന്ത്രിമാർ , മുതിർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ സംബന്ധിക്കും.

*************************

**RS 2000**

ബാങ്കുകളിൽ നിന്ന് 2000 രൂപാ നോട്ട് മാറ്റിയെടുക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അക്കൌണ്ടില്ലാത്ത ബാങ്കുകളിൽ ഉൾപ്പെടെ ഒരേ സമയം പരമാവധി പത്ത് നോട്ടുകൾ മാറ്റാം. തിങ്കളാഴ്ച മുതൽ തിരുവനന്തപുരമടക്കം റിസർവ്വ് ബാങ്കിന്റെ 19 ഇഷ്യൂ ഓഫീസുകളിലൂടെ മാത്രമെ നോട്ട് മാറ്റിയെടുക്കാനാകൂ.

*************************

**RBI-TOKENS**

ബാങ്കുകളിൽ **'കാർഡ് ഓൺ ടോക്കൺ'** സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് റിസേർവ് ബാങ്ക് . ഇപ്പോൾ ടോക്കണുകൾ വെബ്പേജിലൂടെയാണ് ലഭ്യമാകുന്നത്. ഇ സംവിധാനം ബാങ്കുകളിൽ തന്നെ പ്രയോഗത്തിൽ വരുന്നതോടെ കാർഡുടമകൾക്ക് നിലവിലുള്ള അക്കൗണ്ടുകളുമായി ടോക്കൺ ബന്ധിപ്പിക്കാൻ കഴിയും. 56 കോടിയോളം ടോക്കണുകൾ ഇതുവരെ നൽകിക്കഴിഞ്ഞതായും അഞ്ച് ലക്ഷം കോടിയിലധികം രൂപയുടെ ഇടപാടുകൾ ഈ സംവിധാനത്തിലൂടെ ഇതുവരെ നടത്തിയതായും ആർ ബി ഐ അറിയിച്ചു. കാർഡ് ഓൺ ടോക്കൺ എത്രയും വേഗം നിലവിൽ കൊണ്ടുവരുന്നതിനുള്ള നിർദേശം പുറപ്പെടുവി ക്കുമെന്നും ആർ ബി ഐ വ്യക്തമാക്കി.

*************************

## UTTARAKHAND-AMIT SHAH VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉത്തരാഖണ്ഡ് സന്ദർശിക്കും. തെഹ്‌രി ജില്ലയിലെ നരേന്ദ്ര നഗറിൽ കേന്ദ്ര റീജിയണൽ കൗൺസിലിന്റെ 24-ാമത് യോഗത്തിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കുമെന്നാണ് വിവരം. തുടർന്ന് തലസ്ഥാനമായ ഡെറാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന 49-ാമത് അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിലും കേന്ദ്ര ആഭ്യന്തരമന്ത്രി പങ്കെടുക്കും.

*************************

## MIB MINISTER BHOPAL VISIT

അമൃത് കാലത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ യുവാക്കൾക്കാകണമെന്ന് കേന്ദ്ര യുവജനകാര്യ മന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ. ഭോപ്പാലിൽ ഒരു സ്വകാര്യ സർവ്വകലാശാലയുടെ പരിപാടിയിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ പുരോഗതിയും വികസനവും കൂടുതൽ ഉയരങ്ങളിലെത്തിക്കാനുള്ള ഏറ്റവും വലിയ ഉത്തരവാദിത്തം യുവാക്കളുടെ ചുമലിലാണെന്ന് ശ്രീ.ഠാക്കൂർ പറഞ്ഞു. ചന്ദ്രനിൽ ദക്ഷിണധ്രുവത്തിൽ എത്തുക, ഏഷ്യൻ ഗെയിംസിൽ നൂറിലധികം മെഡലുകളുടെ അക്കത്തിലേക്ക് നീങ്ങുക, മികച്ച അഞ്ച് സമ്പദ് വ്യവസ്ഥയിലൊന്നായി മാറുക തുടങ്ങിയ നേട്ടങ്ങൾ

സർക്കാർ കാര്യക്ഷമമായി രാജ്യത്തെ നയിക്കുന്നതിന്റെ ഉദാഹരണങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

************************

## MANDAVIYA

ആയുഷ്മാൻ ഭവ് പ്രചാരണ പരിപാടിയുടെ ഭാഗമായി ഗുജറാത്തിലെ ഭാവ്നഗറിൽ, 129 ഗ്രാമങ്ങളിലും പൂർണമായി ആയുഷ്മാൻ ഭാരത് ആരോഗ്യ അക്കൗണ്ടുകൾ തുറന്നതിൽ ആരോഗ്യവകുപ്പിനെ അഭിനന്ദിച്ച് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ പൗരന്മാർക്കും ഡിജിറ്റൽ ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

************************

## GADKARI - BUS

ബസുകളുടെ നിർമ്മാണത്തിനായുള്ള മാനദണ്ഡങ്ങൾ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അംഗീകരിച്ചു. ഇത് ബസുകളിലെ ഉപകരണ നിർമ്മാതാക്കൾക്കും ബസ് ബോഡി നിർമ്മാതാക്കൾക്കും ഒരേപോലെ ബാധകമായിരിക്കും. അപകടസമയത്ത് യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ പ്രാഥമിക ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യയിലെ ബസുകളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ നടപടി വഴിയൊരുക്കുമെന്ന് സമൂഹമാധ്യമ പോസ്റ്റിൽ ശ്രീ ഗഡ്കരി പറഞ്ഞു.

************************

## MAN KI BAAT QUIZ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്ത് 100 എപ്പിസോഡ് പൂർത്തിയായതിന്റെ ഭാഗമായി നെഹ്റു യുവ കേന്ദ്ര സംഘടിപ്പിച്ച ക്വിസ് മത്സര വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഇന്ന് നടക്കും. തോന്നയ്ക്കൽ എ ജെ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി. വി. മുരളീധരൻ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും മൻ കി ബാത്ത് രണ്ടാം ഘട്ട മത്സരത്തിന്റെ പ്രഖ്യാപനവും നടത്തും.

*************************

## SCHOOL

കേരളത്തിൽ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം വിലയിരുത്താൻ ലക്ഷ്യമിട്ടുള്ള സംസ്ഥാനതല സർവേയുടെ ഒരുക്കത്തിനായി അധ്യാപക ക്ലസ്റ്റർ യോഗങ്ങൾ ഇന്ന് നടക്കും. ക്ലസ്റ്റർ യോഗങ്ങൾ നടക്കുന്നതിനാൽ ഇന്ന് സ്കൂളുകൾക്ക് പ്രവൃത്തി ദിനമായിരിക്കില്ല. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ എൽ.പി മുതൽ ഹൈസ്കൂൾ വരെയുള്ള അധ്യാപകരെ പങ്കെടുപ്പിച്ചാണ് യോഗങ്ങൾ.

*************************

## CHALIYAR RIVER PADDLE

ഏഷ്യയിലെ രണ്ടാമത്തെ ദീർഘദൂര കയാക്കിങ് യാത്രയായ ചാലിയാർ റിവർ പാഡിലിന് കേരളത്തിലെ

നിലമ്പൂരിൽ തുടക്കം. വിവിധ തരം കയാക്കുകളിലും സ്റ്റാൻഡ് അപ്പ് പാഡിലിലും പായ്‌വഞ്ചിയിലും ചുരുളൻ വള്ളത്തിലുമായാണ് യാത്ര. ചാലിയാറിനെ സംരക്ഷിക്കുകയും ജലസാഹസിക വിനോദം പ്രോത്സാഹിപ്പിക്കുകയുമാണ് ലക്ഷ്യം. മൂന്നുദിവസങ്ങൾക്കൊണ്ട് സംഘം ചാലിയാർ പുഴയിൽനിന്ന് ഏകദേശം 2000 കിലോ മാലിന്യം ശേഖരിക്കും.

*************************

## RAIN

കേരളത്തിൽ ചൊവ്വാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

*************************

## SIKKIM FLOOD

സിക്കിമിലെ മിന്നൽ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ നിർണ്ണയിക്കാൻ കേന്ദ്ര മന്ത്രിതല സംഘം രൂപീകരിച്ചു. ദുരന്ത ബാധിത സ്ഥലങ്ങൾ കേന്ദ്ര സംഘം സന്ദർശിച്ച് കൂടുതൽ കേന്ദ്ര സഹായം അനുവദിക്കും.

പ്രളയ ബാധിത പ്രദേശങ്ങൾ സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാങ് സന്ദർശിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയ അദ്ദേഹം ജനങ്ങളുമായി സംവദിച്ചു. പ്രളയ ബാധിത കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. മിന്നൽപ്രളയത്തിൽ 26 പേർ മരിച്ചതായാണ് ഔദ്യോഗിക റിപ്പോർട്ട്. സൈനികർ

ഉൾപ്പെടെ 142 പേരെ കാണാതായി. ഇവർക്കായി തെരച്ചിൽ പുരോഗമിക്കുകയാണ്.

*************************

## IT – NOTICE

കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന തരത്തിലുള്ള ഉള്ളടക്കം ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളിൽ നിന്ന് അടിയന്തിരമായി നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയം നോട്ടീസ് നൽകി. എക്സ്, യൂട്യൂബ്, ടെലിഗ്രാം എന്നീ സമൂഹ മാധ്യമങ്ങൾക്കാണ് നോട്ടീസ് നൽകിയത്. ഐ റ്റി നിയമങ്ങൾക്ക് കീഴിൽ സുരക്ഷിതവും വിശ്വസനീയവുമായ ഇന്റർനെറ്റ് ഉറപ്പാക്കാനുള്ള സർക്കാർ തീരുമാനമാണിതെന്ന് കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.

*************************

## SINGAPORE-COVID

സിംഗപ്പൂരിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്നതായി സിംഗപ്പൂർ ആരോഗ്യമന്ത്രി ഓങ് യെ കുങ് പറഞ്ഞു. കഴിഞ്ഞ രണ്ടാഴ്ചക്കിടെ രണ്ടായിരത്തിലധികം പുതിയ കോവിഡ് കേസുകൾ സ്ഥിരീകരിച്ചിട്ടുണ്ട്. XBB ഒമിക്രോൺ വൈറസിന് രൂപമാറ്റം സംഭവിച്ച EG5, HK3 എന്നിവയാണ് ഇപ്പോൾ വ്യാപിക്കുന്നത് . എന്നാൽ തൽക്കാലം സാമൂഹിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നില്ലെന്നും മുതിർന്ന പൗരന്മാരടക്കമുള്ളവർ ശ്രദ്ധിക്കണമെന്നും മന്ത്രി അറിയിച്ചു.

*************************

## PUTIN-UN SECURITY COUNCIL

യു.എൻ രക്ഷാ കൗൺസിലിൽ ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾക്ക് പ്രാതിനിധ്യം നൽകണമെന്നും പ്രധാന അന്താരാഷ്ട്ര തീരുമാനങ്ങൾ എടുക്കുന്നതിൽ അവരുടെ ഇടപെടൽ വർധിപ്പിക്കണമെന്നും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ വർഷം തോറും കൂടുതൽ ശക്തമാകുകയാണെന്നും പുടിൻ അഭിപ്രായപ്പെട്ടു. സോചിയിൽ വാൽഡായി ഇന്റർനാഷണൽ ഡിസ്കഷൻ ക്ലബിന്റെ പ്ലീനറി യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*************************

## MEXICO-BUS ACCIDENT

മെക്സിക്കോയിൽ, രാജ്യത്തിന്റെ തെക്കൻ ഭാഗത്ത് ബസ് അപകടത്തിൽ 18 കുടിയേറ്റക്കാർ കൊല്ലപ്പെട്ടു. 27 പേർക്ക് പരിക്കേറ്റു. വെനസ്വേല, ഹെയ്തി എന്നിവിടങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരാണ് മരിച്ചവരിൽ ഭൂരിഭാഗവും. 55 ഓളം കുടിയേറ്റ തൊഴിലാളികൾ സഞ്ചരിച്ചിരുന്ന ബസാണ് ഒക്സാക്കയിലെ ഹൈവേയിൽ മറിഞ്ഞത്.

*************************

## CRICKET-WORLD CUP RESULT

ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ നെതർലൻഡ്സിനെതിരെ പാകിസ്ഥാന് 81 റൺസ് വിജയം. പാകിസ്ഥാൻ ഉയർത്തിയ 287

റൺസ് വിജയലക്ഷ്യം പിന്തുടർന്ന നെതർലൻഡ് 41 ഓവറിൽ 205 റൺസിന് എല്ലാവരും പുറത്തായി. ഇന്ന് രാവിലെ 10.30 ന് നടക്കുന്ന മത്സരത്തിൽ ബംഗ്ലാദേശ് അഫ്ഗാനിസ്ഥാനെയും, ഉച്ചയ്ക്ക് രണ്ടിന് ദക്ഷിണാഫ്രിക്ക ശ്രീലങ്കയെയും നേരിടും.

*************************

# ISL

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചരയ്ക്ക് ഗോവ ഒഡീഷയെയും രാത്രി എട്ടിന് ചെന്നൈയിൻ FC മോഹൻ ബഗാനെയും നേരിടും.

*************************

# RAILWAY-FINE (MUMBAI METRO)

ഈ വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ടിക്കറ്റില്ലാത്ത യാത്രക്കാരിൽ നിന്ന് 81.18 കോടി രൂപ പിഴ ഈടാക്കിയതായി പശ്ചിമ റെയിൽവെ. മുംബൈ നഗരത്തിന് പുറത്ത് നിന്നുള്ള 20.74 കോടി രൂപ പിഴയും ഇതിൽ ഉൾപ്പെടുന്നുവെന്ന് ഔദ്യോഗിക വാർത്താക്കുറിപ്പിൽ റെയിൽവെ അറിയിച്ചു.

*******************************************************************

********